# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 427 21.07.2015-ൽ മറുപടിയ്ക്ക്

## ഗ്രാമസഭകളിലെ ജനപങ്കാളിത്തം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.എം.എ.ബേബി<br>ശ്രീ.ബാബു എം.പാലിശ്ശേരി<br>ഡോ.കെ.ടി.ജലീൽ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) | |
| (എ) | അധികാരം ജനങ്ങളിലേയ്ക്ക് എന്ന മുദ്രാവാക്യം പൂർത്തീകരിക്കാൻ ഗ്രാമസഭ കളിലെ ജനപങ്കാളിത്തം വർദ്ധി പ്പിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച നിലപാട് വ്യക്തമാ ക്കാമോ; | (എ) | പ്രാദേശിക ഭരണ സംവിധാനത്തെ ശാക്തീകരിക്കുന്നതിനും കൂടുതൽ ജനാധിപത്യവല്ക്കരിക്കുന്നതിനും അധികാര വികേന്ദ്രീകരണം അർത്ഥ പൂർണ്ണമാക്കുന്നതിനും, ഭരണ സംവിധാ നത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തു ന്നതിനുമായി വ്യവസ്ഥ ചെയ്തിട്ടുള്ള സംവിധാനമാണ് ഗ്രാമസഭകൾ/ വാർഡ്സഭകൾ. ഭരണ സംവിധാന ത്തിലെ യഥാർത്ഥ ജനപങ്കാളിത്ത വേദികളായ ഗ്രാമസഭകളും വാർഡ് സഭകളും പ്രവർത്തിക്കുന്നതിനനുസരി ച്ചായിരിക്കും പ്രാദേശിക ഭരണ സംവിധാനത്തിന്റെ നിലനിൽപ്പും പ്രയാണവും. |
| (ബി) | നിലവിൽ ഗ്രാമസഭകളുടെ പ്രവർത്തനം ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഉതകുന്ന തരത്തിലാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | പരിശോധിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ എന്തെല്ലാം പോരായ്മ കളാണ് ദൃശ്യമായിട്ടുള്ളതെ ന്നറിയിക്കാമോ; | (സി) | ഗ്രാമസഭ/വാർഡ്സഭകളുടെ പ്രവർ ത്തനം വേണ്ടത്ര കാര്യക്ഷമമല്ല. ഗ്രാമസഭ/വാർഡ്സഭകളിൽ പൊതുവേ ജനപങ്കാളിത്തം കുറഞ്ഞുവരുന്നതായി കാണുന്നു. ജനങ്ങൾക്കുള്ള അധികാരാ വകാശങ്ങളെക്കുറിച്ച് ശരിയായ ധാരണ |

| | | | |
|---|---|---|---|
| | | | ഗ്രാമസഭ/വാർഡ്സഭാ മെമ്പർമാരായ ജനങ്ങൾക്ക് ഇന്നുമുണ്ടായിട്ടില്ല. തങ്ങൾക്കുള്ള അധികാരാവകാശങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്താതെ ജനങ്ങൾ പലപ്പോഴും കേവലം കാഴ്ചക്കാരും ഗുണഭോക്താക്കളും മാത്രമായി തീരുന്ന സാഹചര്യമാണ് പലയിടത്തും ഉള്ളത്. |
| (ഡി) | പോരായ്മകൾ തിരുത്തി ഗ്രാമസഭകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (ഡി) | ഗ്രാമസഭകൾ ഭരണഘടനാനുസൃതമായിട്ടുള്ളതും, ഗ്രാമതലത്തിൽ ജനങ്ങളുടെ ഉന്നതമായ ജനാധിപത്യ പ്രക്രിയയുടെ വേദിയും ആണെന്ന അവബോധം ജനങ്ങളിൽ ഉണ്ടാക്കുക, വിഭവ സമാഹരണം, വിനിയോഗം എന്നിവയുടെ വിശദാംശങ്ങളെപ്പറ്റിയുള്ള അറിവ് വികസന പ്രവർത്തനങ്ങളും അവയുടെ വിലയിരുത്തലും, സേവനങ്ങൾ അവകാശമാണെന്ന തിരിച്ചറിവ് തുടങ്ങിയവ പ്രാവർത്തികമാക്കാനായി ശാസ്ത്രീയമായ ഒരു പരിശീലന പരിപാടി കിലയുടെ നേതൃത്വത്തിൽ ഗ്രാമസഭാ അംഗങ്ങൾക്കായി 16680 ഗ്രാമസഭാ വാർഡുകളിൽ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നിയമസഭാ നിയോജക മണ്ഡലങ്ങളിൽ നടത്തിയ ഗ്രാമയാത്രയുടെ ഭാഗമായി വിശേഷാൽ ഗ്രാമസഭകളും കൂടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ